പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4219 — 28/06/2012 ൽ മറുപടിയ്ക്ക്

## സമയബന്ധിത പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ വർഷത്തെ സ്കൂൾ പാഠപുസ്തക വിതരണം സമയ ബന്ധിതമായി ചെയ്യുന്നതിന് പ്രത്യേകമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br>ബി) ഇതനുസരിച്ച് പാഠപുസ്തക വിതരണം കൃത്യമായി പൂർത്തീകരിച്ചിട്ടുണ്ടോ ;<br>സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ? | (എ) യും (ബി) യും സി) യും | പാഠപുസ്തകങ്ങളുടെ അച്ചടി വളരെ നേരത്തെ തുടങ്ങി പൂർത്തീകരിക്കുകയും, ഫെബ്രുവരി മാസത്തിൽ തന്നെ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് വഴി വിതരണം ആരംഭിക്കുകയും ചെയ്യു. ഇതോടൊപ്പം നൂതനമായ വിവര സാങ്കേതിക വിദ്യകൾ അവലംബിക്കുകയും മുൻ വർഷം ഓൺലൈൻ ഇൻഡന്റിങ്ങിൽ ഉണ്ടായ പോരായ്മകൾ പരിഹരിച്ച് ലളിതമായ രീതിയിൽ ഓൺലൈൻ ഇൻഡന്റ് ചെയ്യുവാനുള്ള സംവിധാനം രൂപകല്പന ചെയ്ത് നടപ്പാക്കുകയാണ് ഈ വർഷം ചെയ്തത്. ഇതിനായി പുസ്തകം ഹബ്ബുകളിൽ ഇനം തിരിച്ച് കൃത്യമായ എണ്ണം, കൊണ്ടു പോകുന്ന വാഹനത്തിന്റെ വിവരങ്ങൾ എന്നിവ എന്റർ ചെയ്താൽ മാത്രം ഡെലിവറി ചെല്ലാൻ ലഭിക്കുന്ന തരത്തിൽ രൂപകല്പന ചെയ്ത് കെ.ബി.പി.എസ്സിലെ ലോജിസ്റ്റിക് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് വിതരണം നടത്തിയത്. |

സെക്ഷൻ ഓഫീസർ